(സി) ഗവൺമെന്റ് സ്കൂളുകളിൽ നിന്നാണോ, എയ്ഡഡ് സ്കൂളുകളിൽ നിന്നാണോ കൂടുതൽ കുട്ടികൾ പഠനം നിർത്തി പോകുന്നത് ;

(ഡി) പ്രസ്തുത കുട്ടികൾക്ക് പഠിക്കുവാൻ എന്തെല്ലാം ഏർപ്പാടുകളാണുള്ളത് ?

ഉത്തരം

(എ) 85. 5 %

(ബി) കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തിപ്പോകുന്നതിനുള്ള കാരണങ്ങൾ പലതാണ്. കുടുംബത്തിലെ ദാരിദ്ര്യം, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള അറിയില്ലായ്മ, ബാലവേല, കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിൽ സ്കൂളുകൾ ഇല്ലാത്ത സാഹചര്യം, ശിഥിലമായ കുടുംബാന്തരീക്ഷം, പ്രാദേശികമായ പിന്നോക്കാവസ്ഥ, പഠനത്തോടുള്ള താൽപ്പര്യക്കുറവ്, വിരസമായ സ്കൂൾ അന്തരീക്ഷം തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾ പഠനം നിർത്തുന്നുണ്ട്.

(സി) ഗവൺമെന്റ് സ്കൂളുകളിൽ നിന്ന്.

(ഡി) കൊഴിഞ്ഞുപോയ കുട്ടികൾക്ക് പഠനം തുടരുന്നതിനായി ആൾട്ടർനേറ്റീവ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9-ാം സ്റ്റാൻഡേർഡ് വരെ പ്രൈവറ്റായി പഠിക്കുന്നതിനും സ്കൂളുകളിൽ ചേർന്ന് പരീക്ഷ എഴുതുന്നതിനും അനുവാദമുണ്ട്. പ്രൈവറ്റ് ഓവറേജ്ഡ് ക്യാൻഡിഡേറ്റായി എസ്.എസ്.എൽ.സി. പരീക്ഷയെഴുന്നതിനും സർട്ടിഫിക്കറ്റ് സമ്പാദിക്കുന്നതിനും വ്യവസ്ഥകളുണ്ട്.

സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച നിർദ്ദേശം

113 (1423) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള സിലബസ് പഠിപ്പിക്കുന്ന എത്ര സ്കൂളുകളുണ്ട് ; ഇതിൽ സർക്കാർ, എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണ പരിഷ്ക്കാര പരിപാടിയുടെ (എം.ജി.പി) ഗവൺമെന്റ് അംഗീകരിച്ച ഇംപ്ലിമെന്റേഷൻ പ്ലാനിന്റെ തുടർച്ചയായി എത്തിയ പുതിയ പരിപാടികളുടെ ഭാഗമായി പത്ത് ശതമാനം സ്കൂളുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സർക്കാർ സ്കൂളുകൾ പൂട്ടേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സ്കൂളുകൾ അടച്ചു പൂട്ടുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കേരള സിലബസ് പഠിപ്പിക്കുന്ന 12283 സ്കൂളുകളുണ്ട്. ഇതിൽ

സർക്കാർ	-	4491
എയ്ഡഡ്	-	7292
അൺ എയ്ഡഡ്	-	500 വീതമാണ്.

(ബി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അനുദിനം വർദ്ധിച്ചുവരുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ

114 (1424) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ അനുദിനം വർദ്ധിച്ചുവരുന്ന പ്രീ-പ്രൈമറി (എൽ.കെ.ജി.-യു.കെ.ജി) ക്ലാസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിത സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 58 സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് സ്കൂളുകളുടെ എണ്ണം ലഭ്യമല്ല.

(സി) സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ പരിശോധന നടത്തുന്നുണ്ട്.

(ഡി) ബാധകമല്ല.

നവോദയ വിദ്യാലയങ്ങൾ

115 (1425) ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നവോദയ വിദ്യാലയങ്ങളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly